## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *48

24.01.2018 ൽ മറുപടിക്ക്

### 'വ്യവസായ വളർച്ച'

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ.മുരളി പെരുനെല്ലി.<br>ശ്രീ. കെ. ഡി. പ്രസേനൻ. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; | (എ) & (ബി) | കേരളത്തെ നിക്ഷേപസൗഹൃദമാക്കുന്നതിനും അതുവഴി തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഒരു വ്യാവസായിക പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. അതിനായി നിലവിലുള്ള വിവിധ വകുപ്പുകളുടെ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി താഴെപ്പറയുന്ന ഏഴു നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2017 എന്ന പേരിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു.<br>1. കേരള പഞ്ചായത്ത് രാജ് ആക്ട് - 1994<br>2. കേരള മുൻസിപ്പാലിറ്റി ആക്ട് - 1994<br>3. കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് - 2013<br>4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002 |
| (ബി) | വ്യവസായ സംരംഭങ്ങൾക്ക് അനുമതി ലഭിക്കുന്നതിൽ നിലവിലുണ്ടായിരുന്ന കാലതാമസം ഒഴിവാക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് | | |

| | | | |
|---|---|---|---|
| | | | 5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് - 1978<br>6. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960<br>7. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്പ്മെന്റ് ആക്ട് - 1999.<br>സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിനുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിനായി ഓൺലൈൻ സംവിധാനവും അപേക്ഷകളിന്മേൽ ഫലപ്രദമായും സമയ ബന്ധിതമായും പരിശോധന നടത്തുന്ന തിനായി "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (IPFC) " രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗിക മാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ജില്ലാ സമിതിയും ഉണ്ടായിരിക്കും. ഇതുവഴി അനുമതികൾ വേഗത്തിൽ ഓൺലൈൻ വഴി ലഭ്യമാക്കുകയും അവയുടെ പുരോഗതി സംരംഭകർക്കു വേഗം മനസ്സിലാക്കുവാനും കഴിയും.<br>ബന്ധപ്പെട്ട വകുപ്പുകളിലേയും ഏജൻസികളിലേയും അപേക്ഷഫോറങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഓൺലൈൻ സംവിധാനം അനായാസം വ്യവസായനുമതി ലഭ്യമാക്കുവാൻ സഹായകമായിരിക്കും. മേൽപറഞ്ഞ ഓർഡിനൻസ് ഈ നിയമസഭാ സമ്മേളനകാലത്ത് ബിൽ ആയി അവതരിപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തി വ്യവസായ നിക്ഷേപം ആകർഷിക്കാൻ പദ്ധതിയുണ്ടെങ്കിൽ വിശദവിവരം അറിയിക്കാമോ? | (സി) | വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കാനായി സംസ്ഥാനത്തെ വ്യവസായ പാർക്കുകളിലും സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലും KSIDC , KINFRA എന്നിവയുടെ നേതൃത്വത്തിലുള്ള പാർക്ക കളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കും. എറണാകുളം ജില്ലയിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കും ആലപ്പുഴ, പാലക്കാട് ജില്ലകളിലായി സ്ഥാപിക്കുന്ന മെഗാഫുഡ് പാർക്കും, തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കും, പാലക്കാട് ജില്ലയിലെ ഡിഫെൻസ് പാർക്കും, എറണാകുളം ജില്ലയിൽ സ്ഥാപിക്കുന്ന ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്കും ഈ മേഖലകളിലെ നവനിക്ഷേപകർക്ക് ആവശ്യമായ അടിസ്ഥാനസൗകര്യം ലഭ്യമാക്കുന്നതായിരിക്കും. യുവ, വനിതാസംരംഭകർ, പ്രവാസികൾ, വിമുക്ത ഭടന്മാർ എന്നിവരെ പ്രോത്സാഹിപ്പിക്കുകയും അവർക്കാവശ്യമായ ഇൻഫ്രാസ്ട്രക്ചർ ഒരുക്കി നൽകുന്നതുമാണ്. |

Bindu T

**സെക്ഷൻ ഓഫീസർ.**